Mohamed-Ali, M.I., Varma, R.V., Sudheendrkumar, V.V., 1991. Evaluationn of microbial pathogens for biocontrol against insect pests of teak and ailanthus. KFRI Research Report No. **72**, Kerala Forest Research Institute, Peechi, Thrissur, India: 42p

Murphy, F.A., Fauquet, C.M., Bishop, D.H.L., Ghabrial, S.A., Jarvis, A.W., Martelli, G.P., Mayo, M.A. and Summers, M.D., (1995) Virus taxonomy, Classification and Nomenclature of Viruses. Sixth report of the International Committee on Taxonomy of Viruses. Vienna: Springer-Verlag, pp .586.

Nair, K.S.S., Babjan, B., Sajeev, T.V., Sudheendrakumar, V.V., Mohammed-Ali, M.I., Varma, R.V., Mohanadas, K., 1996. Field efficacy of nuclear polyhedrosis virus for protection of teak against the defoliator, *Hyblaea puera* (Cramer) (Lepidoptera: Hyblaeida). J. Biol. Control, 10: 79-85.

Nair, K.S.S., Varma, R.V., Sudheendrakumar, V.V., Mohanadas, K., Mohamed-Ali, M.I., 1998. Management of the teak defoliator (*Hyblaea puera*) using nuclear polyhedrosis virus (NPV). KFRI Research Report, No. 151, Kerala Forest Research Institute, Peechi, Kerala, India, 27p.

Prell, H., 1926. Die Polyederkrankheiten der Insekten. In: Jordan, k., Horn, W., (Eds.), Verl. III. Int. Entomol. Kongr. Zurich, Weimer, Austria, pp. 145-168.

Payne, C.C., 1982. Insect viruses as control agents. Parsitology 84: 35-77.

Rabindra, R.J., Ethiraju, S., Jayaraj, S., 1990. Efficacy of nuclear polyhedrosis virus formulations against *Heliothis armigera* Hbn. on Sunflower. Journal of Biological Control. **4**, 130-131

Rabindra, R.J., Subramaniam, T.R., 1974. Studies on nuclear polyhesrosis of *Heliothis armigera* (Hbn.): Susceptibility and gross pathology, *Madras agric. Journal*. **61**, 217-220.

Ramakrishnan, N. and Tiwari, L.D. 1969. Polyhedrosis of *Prodenia litura* Fabricus. (Lepidoptera:Nocudae). Indian Journal of Entomology. **31:** 191p.

Sudheendrakmar, V.V., Evans, H.F., Varma, R.V., Sajeev, T.V., Mohanadas, K. and Sathyakumar, K.V. 2001. Management of the teak defoliator, *Hyblaea puera* using Baculovirus with in acontrol window concept. In: R.V. Varma, K.M. Bhat, E.M. Muraleedharan, J.K. Sharma, (Eds.), Tropical Forestry Research: Challenges in the New Millennium, Proc. International Symposium, Kerala Forest Research Institute, , Peechi, Thrissur, India. 299p.

Sudheendrkumar, V.V., Mohamed-Ali, M.I., Varma, R.V., 1988. Nuclear polyhedrosis virus of the teak defoliator, *Hyblaea puera.* J. Invertebr. Pathol. **51:** 307-308.

Sudheendrakumar, V.V., Varma, R.V. and Sajeev, T.V., 2006. Demonstration of mass production, formulation and application of a baculovirus for management of the teak defoliator, *Hyblaea puera*. KFRI Research report No.290, Kerala Forest Research Institute, 52pp.

Vlak, J.M., Hu, Z.H., 1997. Biosafety of engineered baculoviruses and cultured insect cells. In: K. Maramorosch, J. Mitsuhashi (Eds), Invertebrate Cell Culture, Enfield, NH: Science Publishers, Inc. pp. 181–91.

Wahl, B., 1909. Uber die Polyederkrankheit der Nonne (*Lymantria monacha* L.). Centralbl. Gesamte Forstwes 35: 164-172.

# APPENDICES

വനപാലകർക്കുള്ള പരിശീലനം

# ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവ സാങ്കേതിക വിദ്യ

ശിൽപശാല 1

കേടു കണ്ടെത്തുന്നതിനുള്ള പരിശീലനം



2004 മാർച്ച് 24

കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്,
(കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഒരു സ്ഥാപനം)
KFRI പീച്ചി 680 653

ഉഷ്ണമേഖല പ്രദേശങ്ങളിൽ വ്യാപകമായി കൃഷിചെയതുവരുന്ന ഒരു വിളയാണ് തേക്ക്. മിക്കവാറും എല്ലായിടങ്ങളിലും ഏതാനും ചില ഇനം പുഴുക്കൾ തേക്കിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിൽ പ്രധാനമാണ് ഹിബ്ലിയ പ്യൂറ എന്ന ഇല തീനി പുഴുക്കൾ.

ഇന്ത്യയിലെ ആദ്യ തേക്കുതോട്ടം നിലമ്പൂരിൽ നിലവിൽ വരുന്നതിനു മുമ്പുതന്നെ ഇവിടത്തെ സ്വാഭാവിക വനങ്ങളിലെ തേക്കുമരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കണ്ടുവന്നിരുന്നു. വർഷത്തിൽ ഒന്നിലേറെ തവണ ഇലകൾ മുഴുവൻ തിന്നു നശിപ്പിക്കുന്ന ഹിബ്ലിയ പുഴുക്കൾ തേക്കിന്റെ വളർച്ചയെ കുറയ്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. 1942-ൽ 50 ഏക്കറിൽ ആരംഭിച്ച തേക്കുതോട്ടം നിലമ്പൂരിൽ 7500 ഹെക്ടറിലും കേരളത്തിലൊട്ടാകെ 68000 ഹെക്ടറിലും ഇന്ത്യയിലാകെ 3 മില്യൻ ഹെക്ടറിലും ഉൾപ്പെടെ ലോകത്തിലൊട്ടാകെ 66 രാജ്യങ്ങളിൽ ഒരു ഏകവിള തോട്ടമായി വളർത്തപ്പെടുന്ന തേക്കിന്റെ പ്രധാനപ്പെട്ട ശത്രു ഹിബ്ലിയ പുഴുക്കളാണ്. കേരളത്തിൽ തേക്കിന്റെ ഉദ്പാദനക്ഷമത ഇന്ന് കുറഞ്ഞുവരികയാണ്. മെച്ചപ്പെട്ട ഉദ്പാദനക്ഷമത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് തോട്ടങ്ങളെ ഹിബ്ലിയ പുഴുക്കളിൽ നിന്ന് സംരക്ഷിക്കലാണ്.

ഹിബ്ലിയയെ കുറിച്ചുള്ള പഠനങ്ങൾ നിലമ്പൂരിൽ ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ടിലേറെയായി. 1936-ൽ ഇവയുടെ ആയുർ ദൈർഘ്യം, ആക്രമണ രീതി എന്നിവയെ കുറിച്ച് പഠിക്കാനായി ഒരു പരീക്ഷണശാല നിലമ്പൂരിൽ പ്രവർത്തിച്ചിരുന്നു. ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കുറയ്ക്കുന്നതിനായി തോട്ടങ്ങൾ നിർമ്മിക്കുമ്പോഴും പരിപാലിക്കുമ്പോഴും ശ്രദ്ധിക്കേണ്ട ചില വസ്തുക്കൾ മുന്നോട്ടുവെക്കാൻ ഈ പഠനങ്ങൾക്ക് സാധിച്ചു. എങ്കിലും അവ ഒരിക്കലും തോട്ടങ്ങളിൽ പരീക്ഷിക്കപ്പെടുകയുണ്ടായില്ല. 1975-ൽ കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതോടെ ഹിബ്ലിയ പുഴുക്കളെ കുറിച്ചുള്ള പഠനങ്ങൾ വേഗത കൈവരിച്ചു. ഹിബ്ലിയയുടെ ആക്രമണം മൂലം ഉണ്ടാവുന്ന സാമ്പത്തിക നഷ്ടം കണക്കാക്കുക എന്നതായിരുന്നു കെ.എഫ്.ആർ.ഐ. ഏറ്റെടുത്ത ആദ്യ പഠനങ്ങളിൽ ഒന്ന്. തുടർന്ന് പ്രകൃതിയിലുള്ള ഈ പുഴുക്കളുടെ സ്വാഭാവിക ശത്രുക്കളെ ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം നൽകി. ഇത്തരത്തിലുള്ള വിവിധ ജീവി വിഭാഗങ്ങളിൽപെടുന്ന അമ്പതോളം ശത്രുജീവികളെ പഠന വിധേയമാക്കുകയുണ്ടായി. അവയിൽ നിന്ന് ഹിബ്ലിയയെ മാത്രം ആക്രമിക്കുന്ന എൻ.പി.വി. എന്ന വൈറസ് ഈ പുഴുവിനെ നിയന്ത്രിക്കുവാൻ കഴിയുന്ന ഏറ്റവും മികച്ച ജൈവനിയന്ത്രണമാർഗ്ഗമാണെന്ന് കണ്ടെത്തപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷമായി ഈ ജൈവകീടനാശിനിയുടെ ഉദ്പാദനം, ഉപയോഗം എന്നിവയെക്കുറിച്ചുള്ള ഗഹനമായ പഠനങ്ങൾ നടത്തുന്ന പരീക്ഷണശാല നിലമ്പൂരിൽ വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സബ് സെന്ററിൽപ്രവർത്തിക്കുന്നുണ്ട്. ഇന്നത്തെ ഈ പരിശീലനത്തോടെ ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുവാനുള്ള ജൈവസാങ്കേതിക വിദ്യ കെ.എഫ്.ആർ.ഐ വനം വകുപ്പിന് കൈമാറുന്ന പ്രവർത്തനങ്ങൾക്ക് നാന്ദി കുറിക്കുകയാണ്.

മൂന്നു ഘട്ടങ്ങളായാണ് ഈ സാങ്കേതിക വിദ്യയുടെ കൈമാറ്റം ഞങ്ങൾ ലക്ഷ്യമിടുന്നത്. ഹിബ്ലിയ പുഴുക്കളുടെ ആക്രമണം പ്രാരംഭദശയിൽ തന്നെ കണ്ടെത്താനുള്ള പരിശീലനമാണ് ആദ്യഘട്ടത്തിൽ വനപാലകർക്ക് നൽകുന്നത്. ഈ ഘട്ടത്തിൽ പുഴുവിന്റെ ആക്രമണം വനപാലകർ കണ്ടെത്തുകയും എൻ.പി.വി. യുടെ പ്രയോഗം കെ.എഫ്.ആർ.ഐ നടത്തുകയും ചെയ്യും. അടുത്ത വർഷം രണ്ടാം ഘട്ടമായി നിയന്ത്രണം ആവശ്യമുള്ള തോട്ടങ്ങളിൽ കെ.എഫ്.ആർ.ഐ ഉദ്പാദിപ്പിച്ചുനൽകുന്ന എൻ.പി.വി യുടെ പ്രയോഗം വനപാലകർക്ക് തന്നെ നടത്തുവാനുള്ള പരിശീലനം നൽകും. അവസാന ഘട്ടമായി മൂന്നാം വർഷത്തിൽ എൻ.പി.വിയുടെ ഉദ്പാദന സാങ്കേതികവിദ്യയും വനംവകുപ്പിന് കൈമാറും.

നിലമ്പൂരിലെ വനസംരക്ഷണപ്രവർത്തനങ്ങൾ ഇന്നെത്തി നിൽക്കുന്നത് പ്രത്യാശാഭരിതമായ ഒരു ദശാസന്ധിയിലാണ്. വളരെക്കാലമായി തുടർന്നുവന്നിരുന്ന തേക്കുതോട്ടങ്ങളിലെ അനധികൃത മരം മുറിക്കൽ ജനകീയ വനസംരക്ഷണസമിതികളുടെ ആവിർഭാവത്തോടെ ഇല്ലാതായി എന്നുതന്നെ പറയാം. ഇനി നമ്മുടെ തോട്ടങ്ങൾക്ക് സംരക്ഷണം ആവശ്യമുള്ളത് തേക്കിന്റെ ഏറ്റവും പ്രധാന കീടമായ ഹിബ്ലിയ പുഴുക്കളിൽ നിന്നുമാണ്. മുൻ സൂചിപ്പിച്ചതുപോലെ ഇതിനുള്ള ജൈവസാങ്കേതികവിദ്യ സജ്ജമായിക്കഴിഞ്ഞു. ഇന്ത്യയിലെ വനസംരക്ഷണ രംഗത്തെ ആദ്യ ജൈവകീടനാശിനിയുടെ സാങ്കേതികവിദ്യാകൈമാറ്റം നിങ്ങൾ ഉൾക്കാഴ്ചയോടുകൂടി സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

ഡോ: ജെ.കെ. ശർമ്മ
ഡയറക്ടർ
കെ.എഫ്.ആർ.ഐ

## ഹിബ്ലിയ: ജീവിത ചക്രവും തേക്കുതോട്ടങ്ങളിലുണ്ടാകുന്ന സാമ്പത്തിക നഷ്ടവും



മുട്ടകൾ



ആദ്യ ദശകളിലെ പുഴക്കൾ

ഹിബ്ലിയ ഒരു നിശാശലഭമാണ്. മുപ്പത്തിയൊന്നോളം രാജ്യങ്ങളിൽ കാണപ്പെടുന്ന ഈ താരതമ്യേന ചെറിയ ശലഭത്തിന് ചിറകറ്റങ്ങൾ തമ്മിൽ 3 മുതൽ 4 സെന്റീമീറ്റർ വരെ നീളമുണ്ടാകും. വിശ്രമാവസ്ഥയിൽ ചാരനിറമാർന്ന മുൻചിറകുകൾ കറുപ്പും ഓറഞ്ചുനിറം കലർന്ന മഞ്ഞയും ഉള്ള പിൻചിറകുകളെ മറയ്ക്കുന്നതായി കാണാം. മിക്കവാറും ഒരേ സമയം വിരിഞ്ഞിറങ്ങുന്ന ആൺ പെൺ ശലഭങ്ങൾ രണ്ടുദിവസത്തിനകം ഇണചേരുകയും പെൺശലഭം ഒരു ദിവസത്തിനുശേഷം മുട്ടയിടാൻ തുടങ്ങുകയും ചെയ്യും. തേക്കിന്റെ തളിരിലയുടെ അടിവശത്ത് സിരകളോടുചേർന്ന് ഒറ്റക്കൊറ്റക്കായാണ് മുട്ടകൾ കാണപ്പെടുക. ഒരു പെൺശലഭം ഒരാഴ്ചക്കാലത്ത് 500 മുതൽ 600 വരെ മുട്ടകളിടും. രണ്ടുദിവസത്തിനുള്ളിൽ മുട്ടകൾ വിരിഞ്ഞ് ഹിബ്ലിയ പുഴുക്കൾ തളിരില ഭക്ഷിക്കാൻ തുടങ്ങും.

ഹിബ്ലിയ പുഴുക്കൾക്ക് അഞ്ചു ജീവിത ദശകളുണ്ട്. മുട്ടവിരിഞ്ഞിറങ്ങുന്ന നവജാത പുഴുക്കൾ ഇലകളുടെ ഉപരിതലത്തിൽ തന്നെ ഉമിനീരുകൊണ്ടുണ്ടാക്കുന്ന വലയാൽ സംരക്ഷിതമായി ഇലയിലെ ഹരിതകം കാർന്നു തിന്നാൻ തുടങ്ങുന്നു. ഒന്നുരണ്ടു ദിവസത്തിനകം രണ്ടാം ദശയിലേക്ക് പ്രവേശിക്കുന്ന പുഴുക്കൾ ഇലയുടെ അരികിലേയ്ക്ക് നീങ്ങുകയും ഇല വെട്ടി അടിവശത്തേക്ക് മടക്കി, ആ മടക്കിനകത്തിരുന്നുകൊണ്ട് ഭക്ഷണം തുടരുന്നു. വലിയ തേക്ക് മരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണത്തിന്റെ ആദ്യ ലക്ഷണം രണ്ടാം ദശയിലെ പുഴുക്കൾ ഉണ്ടാക്കുന്ന ഈ മടക്കുകളാണ്. മൂന്നും നാലും അഞ്ചും ദശകൾ കൂടുതൽ വലിപ്പമുള്ള മടക്കുകളാണുണ്ടാക്കുക. ഇല തിന്ന് തീരുന്നതിനനുസരിച്ച് ഉമിനീർനാരുകളിൽ തൂങ്ങി അടുത്ത ഇലകളിലേക്ക് അവ മാറിക്കൊണ്ടിരിക്കുകയും ചെയ്യും. അഞ്ചാംദശയിലെത്തുന്നതോടെ ഹിബ്ലിയ പുഴുക്കൾക്ക് തേക്കിലെ ഏറ്റവും മൂത്ത ഇലകൾപോലും ഭക്ഷിക്കുവാൻ കഴിയും. പൂർണ്ണ വളർച്ചയെത്തിയ ഹിബ്ലിയ പുഴുവിന് 3.5 മുതൽ 4.5 സെ.മീ. വരെ നീളമുണ്ടാകും. ഈ ഘട്ടത്തിലെത്തുന്നതോടെ ആക്രമക്കപ്പെട്ട തേക്കിലെ മിക്കവാറും എല്ലാ ഇലകളും ഭക്ഷിക്കപ്പെട്ടു കഴിഞ്ഞിരിക്കും.

പൂർണ്ണ വളർച്ചയെത്തിയ പുഴുക്കൾ മരമിറങ്ങി മണ്ണിലെത്തിയാണ്, സമാധി ദശയിലേക്കു കടക്കുക. കരിയിലകൾക്കിടിയിൽ മൺപടലങ്ങളെ ഉമിനീരുകൊണ്ട് യോജിപ്പിച്ചാണ് കൊക്കൂൺ (പ്യൂപ സ്ഥിതി ചെയ്യുന്ന ആവരണം) നിർമ്മിക്കുക. ഈ കൊക്കൂണിനകത്ത് ആറു മുതൽ എട്ടു ദിവസം വരെ സമാധിദശയിലിരുന്നതിനുശേഷമാണ് ഹിബ്ലിയ ശലഭങ്ങൾ വിരിഞ്ഞിറങ്ങുന്നത്.

ഈ ജീവിത ചക്രം പൂർത്തിയാവാൻ 19 മുതൽ 36 ദിവസം വരെ വേണ്ടി വരും. ഇന്ത്യയിൽ സാധാരണ നിലയിൽ തുടർച്ചയായ 14 തലമുറകൾ വരെ ഒരു വർഷം ഉണ്ടാവും.

**സാമ്പത്തിക നഷ്ടം**

ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം നാലു മുതൽ ഒൻപതു വർഷം വരെ പ്രായമുള്ള തേക്കിൻ തോട്ടങ്ങളിൽ അവയുടെ സ്വഭാവികവളർച്ചയുടെ 44 ശതമാനമാണ് നഷ്ടപ്പെടുന്നത്. നിലമ്പൂർ റേയ്ഞ്ചിലെ വള്ളുവശ്ശേരി തേക്കുതോട്ടത്തിൽ, പുഴുക്കളിൽ നിന്നു സംരക്ഷണം ലഭിച്ച മരങ്ങൾ പത്തു വർഷക്കാലത്ത് മറ്റു മരങ്ങളേക്കാൾ 40 ശതമാനം ഉയരവും 22 ശതമാനം വണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം ഒരു ഹെക്ടറിൽ നിന്ന് മൂന്ന് ക്യുബിക് മീറ്റർ തടിയുടെ നഷ്ടമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം ഉണ്ടാവുന്നത്.

**നിയന്ത്രണമാർഗ്ഗങ്ങൾ**

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കാൻ ആദ്യ കാലങ്ങളിൽ രാസകീടനാശിനികൾ ഉപയോഗിച്ചിരുന്നു. എന്നാൽ തേക്കുപോലെ വളരെ വിസ്തൃതമായി കൃഷിചെയ്യുന്ന തോട്ട വിളയിൽ തളിക്കുന്ന രാസ കീട നാശിനികൾ ഹിബ്ലിയയെ മാത്രമല്ല മറ്റെല്ലാ ജീവജാലങ്ങളേയും ദോഷകരമായി ബാധിക്കും. ഈ കാരണത്താലാണ് ഹിബ്ലിയയെ മാത്രം ആക്രമിക്കുന്ന എൻ.പി.വി ഒരു സുപ്രധാന കണ്ടെത്തലാവുന്നത്.

വളർച്ചയെത്തിയ ഹിബ്ലിയ പുഴു





പ്യൂപ്പ



ശലഭം

## എൻ.പി.വി. എന്ന ജൈവകീടനാശിനി: പ്രവർത്തനവും സാധ്യതയും

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവകീടനാശിനിയായ എൻ.പി.വി (ന്യൂക്ലിയോ പോളിഹെഡ്രോസിസ് വൈറസ്) ഒരു വൈറസാണ്. ഹിബ്ലിയയെ ആക്രമിക്കുന്ന എൻ.പി.വിയെ കണ്ടെത്തിയത് 1988ൽ നിലമ്പൂരിലാണ്. പ്രകൃതിയിൽ സ്വാഭാവികമായി കണ്ടുവരുന്ന ഈ വൈറസ് ചിലപ്പോഴൊക്കെ ഹിബ്ലിയപുഴുക്കളിൽ വലിയതോതിൽ രോഗബാധയുണ്ടാക്കുന്നതായി കാണാറുണ്ട്.



എൻ.പി.വി - മൈക്രോസ്കോപിക് കാഴ്ച

ഇലകളിൽ തളിക്കുന്ന ഈ ജൈവകീടനാശിനി, പുഴുക്കൾ ഇല തിന്നുമ്പോൾ അവയുടെ ശരീരത്തിലെത്തുന്നു. അന്നനാള ഭിത്തിയിലെ കോശങ്ങൾക്കകത്തേക്കാണ് എൻ.പി.വി ആദ്യം പ്രവേശിക്കുക. കോശഭിത്തിയും കോശത്തിനകത്തെ ന്യൂക്ലിയാർ ഭിത്തിയും ഭേദിച്ച് ന്യൂക്ലിയസ്സിലെത്തുന്ന എൻ.പി.വി, ആ കോശത്തിനകത്ത് പെരുകുന്നു. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടൊപ്പം കോശഭിത്തി തകരുകയും നിരവധിയായി പെരുകിയ എൻ.പി.വി ശരീരമാകെ പടർന്ന് മറ്റുകോശങ്ങളെ ആക്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരവധി കോശങ്ങൾ തകർന്നുതുടങ്ങുമ്പോൾ ഹിബ്ലിയ പുഴുക്കൾ ഇല തിന്നുന്നത് നിർത്തുകയും തുടർന്ന് മരിക്കുകയും ചെയ്യുന്നു. എൻ.പി.വി ശരീരത്തിനകത്തെത്തിയ ശേഷം 72 മുതൽ 96 മണിക്കൂറുകൾക്ക് ശേഷമാണ് പഴുക്കൾ മരിക്കുക. എൻ.പി.വി ബാധയാൽ മരിക്കുന്ന പുഴുക്കളുടെ ഒരു സവിശേഷത അതിന്റെ അതിലോലമായ ത്വക്കാണ്. മരണശേഷം വളരെ പെട്ടെന്ന് തന്നെ ഈ ത്വക്ക് പൊട്ടി ലക്ഷക്കണക്കിന് എൻ.പി.വി പുഴുക്കളുടെ ശരീരത്തിൽ നിന്ന് ഇലകളിലേക്ക് വ്യാപിക്കുന്നു. ആദ്യഘട്ടത്തിൽ ഏതെങ്കിലും പുഴുക്കൾ എൻ.പി.വി ബാധ ഏൽക്കാതെ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഈ പുനരുദ്പാദിപ്പിക്കപ്പെട്ട വൈറസിനാൽ രോഗബാധിതരാകും.



എൻ.പി.വി ബാധയാൽ മരിച്ച ഹിബ്ലിയ പുഴു

എൻ.പി.വി എന്ന ജൈവ കീടനാശിനിയുടെ ഒരു പ്രധാനപ്പെട്ട മേന്മ അത് പ്രയോഗിക്കപ്പെട്ടതിനുശേഷം പതിന്മടങ്ങായി വർദ്ധിക്കും എന്നതാണ്. അതേസമയം അത് മനുഷ്യനുൾപ്പടെ വേറൊരു ജീവജാലത്തേയും ബാധിക്കില്ല. ഏതൊരു കീടനാശിനിയേയും പോലെ വിവിധതരം സ്പ്രെയറുകൾ ഉപയോഗിച്ച് എൻ.പി.വി പ്രയോഗിക്കാവുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ എൻ.പി.വി. ബാധയേറ്റ ഹിബ്ലിയ പുഴു മരിക്കുന്നില്ലെങ്കിൽ ആ പുഴുവിന്റെ ശരീരത്തിൽ നിലനിൽക്കുകയും അടുത്ത തലമുറയിലേക്ക് പകർന്നെത്തി അതിനെ നശിപ്പിക്കുകയും ചെയ്യും. കീട നിയന്ത്രണത്തിന് വിദേശരാജ്യങ്ങളിൽ എൻ.പി.വി ഉപയോഗിക്കാറുണ്ടെങ്കിലും ഇന്ത്യയിൽ ഇതാദ്യമായാണ് വനസംരക്ഷണത്തിനായി എൻ.പി.വി ഉപയോഗിക്കപ്പെടുന്നത്.

## ഹിബ്ലിയ പുഴുക്കളുടെ ആക്രമണം: പ്രാരംഭദശയിലെ കണ്ടെത്തൽ

നിലമ്പൂരിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പെയ്യുന്ന വേനൽ മഴയോടൊപ്പമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം തുടങ്ങുക. ആദ്യ ഘട്ടത്തിൽ അര ഹെക്ടർ മുതൽ ഒന്നര ഹെക്ടർ വലിപ്പത്തിൽ അഞ്ചോ ആറോ സ്ഥലങ്ങളിലായി കേടുണ്ടാകും. ഈ സ്ഥലങ്ങളിലെ ഓരോ തേക്കുമരങ്ങളിലും ആയിരക്കണക്കിനു പുഴുക്കളെ കാണാനാകും. വഴിക്കടവ് റേഞ്ചിലെ കരിയംമുരിയം, കരുളായി റേഞ്ചിലെ ശങ്കരൻകോട് എന്നീ തോട്ടങ്ങളിൽ ആദ്യഘട്ടത്തിൽ സാധാരണയായി കേട് കണ്ടുവരാറുണ്ട്. ആദ്യം കേടുവരുന്ന സ്ഥലങ്ങളിൽ നിന്ന് പുഴുവിന്റെ വിവിധദശകളും സമാധി ദശയും കടന്ന് വിരിഞ്ഞിറങ്ങുന്ന ഹിബ്ലിയ ശലഭങ്ങൾ കൂട്ടമായി മറ്റു തോട്ടങ്ങളിലേക്ക് വ്യാപിക്കുകയും തേക്കിന്റെ തളിരിലകളിൽ മുട്ടയിടുകയും ചെയ്യുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടാവുന്ന ഈ കേടുകൾ ആദ്യഘട്ടത്തേക്കാൾ വിസ്തൃതമായിരിക്കും. ജൂൺ മാസത്തിൽ കാലവർഷത്തിന്റെ വരവോടെ എല്ലാ തേക്കുതോട്ടങ്ങളിലും ധാരാളം തളിരിലകളുണ്ടാവുമ്പോൾ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു. ജൂലൈ മാസത്തിലും മിക്കവാറും തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാണാനാകും. ആഗസ്റ്റ് മാസത്തിൽ ആക്രമണം വളരെക്കുറവായേ കണ്ടുവരാറുള്ളൂ. ചില വർഷങ്ങളിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലും ആക്രമണം കാണപ്പെടാറുണ്ട്.

ഒരുമാസത്തിൽ താഴെ ആയുർദൈർഘ്യമുള്ള ഹിബ്ലിയയുടെ പുഴു ദശ പത്തുമുതൽ പന്ത്രണ്ടു ദിവസം വരെ മാത്രമാണ്. ഇതിനിടയിൽ തേക്കിലെ ഇലകൾ മുഴുവൻ തിന്നുതീർത്തിരിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും പ്രധാന വെല്ലുവിളി പ്രാരംഭ ദശയിൽ തന്നെ ആക്രമണം കണ്ടെത്തുക എന്നതാണ്. എൻ.പി.വി എന്ന ജൈവകീടനാശിനി ഉപയോഗിക്കുമ്പോൾ, തളിച്ചതിനുശേഷം മൂന്നു മുതൽ നാലു ദിവസത്തിനുശേഷം മാത്രമാണ് പുഴുക്കൾ നശിക്കുക. മാത്രമല്ല ഹിബ്ലിയ പുഴുക്കളുടെ പ്രാരംഭ ദശകളെ നിയന്ത്രിക്കുവാൻ എൻ.പി.വി വളരെ കുറഞ്ഞ അളവിലേ ഉപയോഗിക്കേണ്ടതായിട്ടുള്ളൂ.



എൻ.പി.വി പരീക്ഷണ ശാല



ഹിബ്ലിയയുണ്ടാക്കിയ ഇലമടക്കുകൾ

## ഹിബ്ലിയ പുഴുവിന്റെ ആക്രമണം തോട്ടത്തിൽ എങ്ങിനെ കണ്ടെത്താം ?

എൻ.പി.വി. ഉപയോഗിച്ച് ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കാൻ നിലമ്പൂരിലെ എട്ടുവർഷത്തിൽ താഴെ പ്രായമുള്ള തേക്കുതോട്ടങ്ങളാണ് ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നത്. ഈ പ്രായത്തിലുള്ള തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കൾ മുതിർന്ന തോട്ടങ്ങളിലേതിനേക്കാൾ കടുത്ത നാശനഷ്ടമുണ്ടാക്കുമെന്നതിനാലാണിത്. ചെറുപ്രായത്തിലുള്ള തോട്ടങ്ങളിൽ പുഴുക്കേട് കണ്ടെത്തുന്നതിനുള്ള രീതികൾ താഴെ കൊടുക്കുന്നു.

1. മാർച്ച് മുതൽ ജൂലായ് വരെയുള്ള മാസങ്ങളിൽ തളിരില വന്നുകഴിഞ്ഞാൽ പിന്നെ എല്ലാ ആഴ്ചയും തോട്ടം സന്ദർശിക്കുക.
2. നിലത്ത് ഹിബ്ലിയ പുഴുക്കളുടെ കാഷ്ഠങ്ങളോ മരത്തിൽ ഉമിനീർ നാരുകളോ തളിരിലകളിൽ സുഷിരങ്ങളോ മടക്കുകളോ ഉണ്ടോ എന്ന് പരിശോധിക്കുക.
3. ഇലമടക്കുകളിൽ പുഴുക്കളെ കാണുന്നുവെങ്കിൽ താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുക.
    a. തോട്ടത്തിന്റെ സ്ഥാനം (സ്ഥലനാമം, സ്റ്റേഷൻ, റേഞ്ച്)
    b. തോട്ടം നിർമ്മിച്ച വർഷം
    c. മരങ്ങളുടെ ഏകദേശ ഉയരം
    d. കേടുള്ള സ്ഥലത്തിന്റെ വിസ്തൃതി
    e. തോട്ടത്തിന്റെ ഉത്തരവാദിത്വമുള്ള വനപാലകന്റെ പേര്
4. മേൽ ശേഖരിച്ച വിവരങ്ങൾ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലമ്പൂർ സബ് സെന്ററിൽ പ്രവർത്തിക്കുന്ന എന്റമോളജി ലാബോറട്ടറിയിൽ ഡോ. ടി.വി. സജീവിനെ അറിയിക്കുക. (04931 - 222846)

കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്,
(കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഒരു സ്ഥാപനം)
പീച്ചി 680 653

# ഹിബ്ലിയ പുഴുവിന്റെ ആക്രമണം

## പ്രഥമ റിപ്പോർട്ട്

കേടുകണ്ട ദിവസം : ______________________

തോട്ടത്തിന്റെ സ്ഥാനം : ______________________

സ്ഥല നാമം : ______________________

സ്റ്റേഷൻ : ______________________

റേഞ്ച് : ______________________

തോട്ടം നിർമ്മിച്ച വർഷം : ______________________

തോട്ടത്തിന്റെ വിസ്തൃതി : ______________________

കേടുള്ള സ്ഥലത്തിന്റെ വിസ്തൃതി : ______________________

മരങ്ങളുടെ ഏകദേശ ഉയരം : ______________________

തോട്ടത്തിന്റെ ഉത്തരവാദിത്വമുള്ള വനപാലകന്റെ പേര് : ______________________

സ്ഥലം

തീയതി

റിപ്പോർട്ട് ചെയ്യുന്ന വനപാലകന്റെ പേര് :

---

**അറിയിക്കേണ്ട മേൽ വിലാസം**

ഡോ. ടി.വി. സജീവ്, എന്റമോളജി ലാബോറട്ടറി, കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്,
നിലമ്പൂർ സബ് സെന്റർ 679 342, ഫോൺ : 04931 - 222846

വനപാലകർക്കുള്ള പരിശീലനം

# ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവ സാങ്കേതിക വിദ്യ

## 2. എൻ.പി.വി ഉപയോഗിക്കുന്നതിനുള്ള പരിശീലനം

കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്,
(കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഒരു സ്ഥാപനം)
പീച്ചി 680 653

# ആമുഖം

ഉഷ്ണമേഖല പ്രദേശങ്ങളിൽ വ്യാപകമായി കൃഷിചെയ്തുവരുന്ന ഒരു വിളയാണ് തേക്ക് (ടെക്റ്റോണ ഗ്രാൻഡിസ്). മിക്കവാറും എല്ലായിടങ്ങളിലും ഏതാനും ചില ഇനം പുഴുക്കൾ തേക്കിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിൽ പ്രധാനമാണ് ഹിബ്ലിയ പ്യൂറ എന്ന ഇല തീനി പുഴുക്കൾ.

ഇന്ത്യയിലെ ആദ്യ തേക്കുതോട്ടം നിലമ്പൂരിൽ നിലവിൽ വരുന്നതിനു മുമ്പു തന്നെ ഇവിടത്തെ സ്വഭാവിക വനങ്ങളിലെ തേക്കുമരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കണ്ടുവന്നിരുന്നു. വർഷത്തിൽ ഒന്നിലേറെ തവണ ഇലകൾ മുഴുവൻ തിന്നു നശിപ്പിക്കുന്ന ഹിബ്ലിയ പുഴുക്കൾ തേക്കിന്റെ വളർച്ചയെ കുറയ്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. 1942–ൽ 50 ഏക്കറിൽ ആരംഭിച്ച തേക്കുതോട്ടം നിലമ്പൂരിൽ 7500 ഹെക്ടറിലും കേരളത്തിലൊട്ടാകെ 68000 ഹെക്ടറിലും ഇന്ത്യയിലാകെ 3 മില്ല്യൻ ഹെക്ടറിലും ഉൾപ്പെടെ ലോകത്തിലൊട്ടാകെ 66 രാജ്യങ്ങളിൽ ഒരു ഏകവിള തോട്ടമായി വളർത്തപ്പെടുന്ന തേക്കിന്റെ പ്രധാനപ്പെട്ട ശത്രു ഹിബ്ലിയ പുഴുക്കളാണ്.

ഹിബ്ലിയയെ കുറിച്ചുള്ള പഠനങ്ങൾ നിലമ്പൂരിൽ ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ടിലേറെയായി. 1936–ൽ ഇവയുടെ ആയുർ ദൈർഘ്യം, ആക്രമണ രീതി എന്നിവയെ കുറിച്ച് പഠിക്കാനായി ഒരു പരീക്ഷണശാല നിലമ്പൂരിൽ പ്രവർത്തിച്ചിരുന്നു. ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കുറയ്ക്കുന്നതിനായി തോട്ടങ്ങൾ നിർമ്മിക്കുമ്പോഴും പരിപാലിക്കുമ്പോഴും ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ മുന്നോട്ടുവെക്കാൻ ഈ പഠനങ്ങൾക്ക് സാധിച്ചു. എങ്കിലും അവ ഒരിക്കലും തോട്ടങ്ങളിൽ പരീക്ഷിക്കപ്പെടുകയുണ്ടായില്ല. 1975–ൽ കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതോടെ ഹിബ്ലിയ പുഴുക്കളെ കുറിച്ചുള്ള പഠനങ്ങൾ വേഗത കൈവരിച്ചു. ഹിബ്ലിയയുടെ ആക്രമണം മൂലം ഉണ്ടാവുന്ന സാമ്പത്തിക നഷ്ടം കണക്കാക്കുക എന്നതായിരുന്നു കെ.എഫ്.ആർ.ഐ. ഏറ്റെടുത്ത ആദ്യ പഠനങ്ങളിൽ ഒന്ന്. തുടർന്ന് പ്രകൃതിയിലുള്ള ഈ പുഴുക്കളുടെ സ്വഭാവിക ശത്രുക്കളെ ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം നൽകി. ഇത്തരത്തിലുള്ള വിവിധ ജീവി വിഭാഗങ്ങളിൽപെടുന്ന അമ്പതോളം ശത്രുജീവികളെ പഠന വിധേയമാക്കുകയുണ്ടായി. അവയിൽ നിന്ന് ഹിബ്ലിയയെ മാത്രം

ആക്രമിക്കുന്ന എൻ.പി.വി. എന്ന വൈറസ് ഈ പുഴുവിനെ നിയന്ത്രിക്കുവാൻ കഴിയുന്ന ഏറ്റവും മികച്ച ജൈവനിയന്ത്രണമാർഗ്ഗമാണെന്ന് കണ്ടെത്തപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷമായി ഈ ജൈവകീടനാശിനിയുടെ ഉദ്പാദനം, ഉപയോഗം എന്നിവയെക്കുറിച്ചുളള ഗഹനമായ പഠനങ്ങൾ നടത്തുന്ന പരീക്ഷണശാല നിലമ്പൂരിൽ വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സബ് സെന്ററിൽപ്രവർത്തിക്കുന്നുണ്ട്. ഇവിടെ പൂർണ്ണമായും വികസിപ്പിച്ചെടുത്ത ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവ സാങ്കേതിക വിദ്യ വനംവകുപ്പിന് കൈമാറുന്ന പ്രക്രിയ തുടങ്ങിയത് കഴിഞ്ഞ വർഷമാണ്.

മൂന്നു ഘട്ടങ്ങളായാണ് ഈ സാങ്കേതിക വിദ്യയുടെ കൈമാറ്റം ഞങ്ങൾ ലക്ഷ്യമിടുന്നത്. ഹിബ്ലിയ പുഴുക്കളുടെ ആക്രമണം പ്രാരംഭദശയിൽ തന്നെ കണ്ടെത്താനുള്ള പരിശീലനമാണ് ആദ്യഘട്ടത്തിൽ വനപാലകർക്ക് നൽകിയത്. ഈ ഘട്ടത്തിൽ പുഴുവിന്റെ ആക്രമണം വനപാലകർ കണ്ടെത്തുകയും . എൻ.പി.വി. യുടെ പ്രയോഗം കെ.എഫ്.ആർ.ഐ നടത്തുകയും ചെയ്തു. കഴിഞ്ഞ വർഷം നിലമ്പൂർ നോർത്ത്, സൗത്ത് വനം ഡിവിഷനുകളിലായി 34 ഹെക്ടർ സ്ഥലത്ത് എൻ.പി.വി ഉപയോഗിച്ച് ഹിബ്ലിയയെ നിയന്ത്രണ വിധേയമാക്കി. ഈ വർഷം മെയ് 26 ന് നടക്കുന്ന ശില്പശാലയോടു കൂടി ഈ ജൈവ സാങ്കേതിക വിദ്യാ കൈമാറ്റത്തിന്റെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിക്കുകയാണ്. തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കണ്ടെത്തിക്കഴിഞ്ഞാൽ എൻ.പി.വി ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനമാണ് ഈ ദിവസം നൽകപ്പെടുക. അതിനു ശേഷാ വനം വകുപ്പിന് സ്വന്തമായി കേട് കണ്ടെത്തുവാനും അവയെ കെ.എഫ്.ആർ.ഐയിൽ നിന്നും ലഭ്യമാക്കുന്ന എൻ.പി.വി ഉപയോഗിച്ച് നിയന്ത്രിക്കുവാനും കഴിയുന്ന തരത്തിലാണ് ശില്പശാല ഒരുക്കിയിരിക്കുന്നത്.

പരീക്ഷണശാലയിൽ നിന്നും തോട്ടങ്ങളില്ക്കുള്ള ഈ ജൈവ സാങ്കേതിക വിദ്യയുടെ യാത്രയിൽ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

ഡോ: ജെ.കെ. ശർമ്മ
ഡയറക്ടർ
കെ.എഫ്.ആർ.ഐ

## ഹിബ്ലിയ: ജീവിത ചക്രവും തേക്കുതോട്ടങ്ങളിലുണ്ടാവുന്ന സാമ്പത്തിക നഷ്ടവും

ഹിബ്ലിയ ഒരു നിശാശലഭമാണ്. ഉഷ്ണമേഘലയിലെ 31 ഓളം രാജ്യങ്ങളിൽ കാണപ്പെടുന്ന താരതമ്യേന ചെറിയ ഈ ശലഭത്തിന് ചിറകറ്റങ്ങൾ തമ്മിൽ 3 മുതൽ 4 സെന്റീമീറ്റർ വരെ നീളമുണ്ടാകും. വിശ്രമാവസ്ഥയിൽ ചാരനിറമാർന്ന മുൻ ചിറകുകൾ, കറുപ്പും ഓറഞ്ചുനിറം കലർന്ന മഞ്ഞയും ഉള്ള പിൻ ചിറകുകളെ മറയ്ക്കുന്നതായി കാണാം. മിക്കവാറും ഒരേ സമയം വിരിഞ്ഞിറങ്ങുന്ന ആൺ പെൺ ശലഭങ്ങൾ 2 ദിവസത്തിനകം ഇണചേരുകയും പെൺ ശലഭം ഒരു ദിവസത്തിനു ശേഷം മുട്ടയിടാൻ തുടങ്ങുകയും ചെയ്യും. തേക്കിന്റെ തളിരിലയുടെ അടിവശത്ത് സിരകളോടു ചേർന്ന് ഒറ്റക്കൊറ്റക്കായാണ് മുട്ടകൾ കാണപ്പെടുക. ഒരു പെൺശലഭം ഒരാഴ്ചക്കാലത്ത് 500 മുതൽ 600 വരെ മുട്ടകളിടും. രണ്ടു ദിവസത്തിനുള്ളിൽ മുട്ടകൾ വിരിഞ്ഞ് ഹിബ്ലിയ പുഴുക്കൾ തളിരില ഭക്ഷിക്കാൻ തുടങ്ങും.

ഹിബ്ലിയ പുഴുക്കൾക്ക് അഞ്ചു ജീവിത ദശകളുണ്ട്. മുട്ട വിരിഞ്ഞിരിങ്ങുന്ന നവജാത പുഴുക്കൾ ഇലകളുടെ ഉപരിതലത്തിൽ തന്നെ ഉമിനീരുകൊണ്ടുണ്ടാക്കുന്ന വലയാൽ സംരക്ഷിതമായി ഇലയിലെ ഹരിതകം കാർന്നു തിന്നാൻ തുടങ്ങുന്നു. ഒന്നു രണ്ടു ദിവസത്തിനകം രണ്ടാം ദശയിലേക്ക് പ്രവേശിക്കുന്ന പുഴുക്കൾ ഇലയുടെ അരികിലേക്ക് നീങ്ങുകയും ഇല വെട്ടി അടിവശത്തേക്ക് മടക്കി, ആ മടക്കിനകത്തിരുന്നുകൊണ്ട് ഭക്ഷണം തുടരുന്നു. വലിയ തേക്ക് മരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണത്തിന്റെ ആദ്യ ലക്ഷണം രണ്ടാം ദശയിലെ പുഴുക്കൾ ഉണ്ടാക്കുന്ന ഈ മടക്കുകളാണ്. മൂന്നും നാലും അഞ്ചും ദശകൾ കൂടുതൽ വലിപ്പമുള്ള മടക്കുകളാണുണ്ടാക്കുക. ഇല തിന്ന് തീരുന്നതിനനുസരിച്ച് ഉമിനീർ നാരുകളിൽ തൂങ്ങി അടുത്ത ഇലകളിലേക്ക് അവ മാറിക്കൊണ്ടിരിക്കുകയും ചെയ്യും. അഞ്ചാം ദശയിലെത്തുന്നതോടെ ഹിബ്ലിയ പുഴുക്കൾക്ക് തേക്കിലെ ഏറ്റവും മൂത്ത ഇലകൾ പോലും ഭക്ഷിക്കുവാൻ കഴിയും. പൂർണ്ണ വളർച്ചയെത്തിയ ഹിബ്ലിയ പുഴുവിന് 3.5 മുതൽ 4.5 സെ.മീ വരെ

നീളമുണ്ടാകും. ഈ ഘട്ടത്തിലെത്തുന്നതോടെ ആക്രമിക്കപ്പെട്ട തേക്കിലെ മിക്കവാറും എല്ലാ ഇലകളും ഭക്ഷിക്കപ്പെട്ടു കഴിഞ്ഞിരിക്കും.

പൂർണ്ണ വളർച്ചയെത്തിയ പുഴുക്കൾ മരമിറങ്ങി മണ്ണിലെത്തിയാണ്, സമാധി ദശയിലേക്കു കടക്കുക. കരിയിലകൾക്കിടയിൽ മൺപടലങ്ങളെ ഉമിനീരുകൊണ്ട് യോജിപ്പിച്ചാണ് കൊക്കൂൺ (പ്യൂപ്പ സ്ഥിതി ചെയ്യുന്ന ആവരണം) നിർമ്മിക്കുക. ഈ കൊക്കൂണിനകത്ത് ആറു മുതൽ എട്ടു ദിവസം വരെ സമാധിദശയിലിരുന്നതിനു ശേഷമാണ് ഹിബ്ലിയ ശലഭങ്ങൾ വിരിഞ്ഞിറങ്ങുന്നത്..

ഈ ജീവിത ചക്രം പൂർത്തിയാവാൻ 19 മുതൽ 36 ദിവസം വരെ വേണ്ടി വരും. ഇന്ത്യയിൽ സാധാരണ നിലയിൽ തുടർച്ചയായ 14 തലമുറകൾ വരെ ഒരു വർഷം ഉണ്ടാവും.

## സാമ്പത്തിക നഷ്ടം

ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം നാലുമുതൽ ഒൻപതു വർഷം വരെ പ്രായമുള്ള തേക്കിൻ തോട്ടങ്ങളിൽ അവയുടെ സ്വാഭാവിക വളർച്ചയുടെ 44 ശതമാനമാണ് നഷ്ടപ്പെടുന്നത്. നിലമ്പൂർ റേയ്ഞ്ചിലെ വള്ളുവശ്ശേരി തേക്കുതോട്ടത്തിൽ, പുഴുക്കളിൽനിന്നു സംരക്ഷണം ലഭിച്ച മരങ്ങൾ 10 വർഷക്കാലത്ത് മറ്റു മരങ്ങളേക്കാൾ 40% ഉയരവും 22% വണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം ഒരു ഹെക്ടറിൽ നിന്ന് മൂന്ന് ക്യുബിക് മീറ്റർ തടിയുടെ നഷ്ടമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം ഉണ്ടാവുന്നത്.

## നിയന്ത്രണമാർഗ്ഗങ്ങൾ

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കാൻ ആദ്യ കാലങ്ങളിൽ രാസകീടനാശിനികൾ ഉപയോഗിച്ചിരുന്നു. എന്നാൽ തേക്കുപോലെ വളരെ വിസ്തൃതമായി കൃഷിചെയ്യുന്ന തോട്ടവിളയിൽ തളിക്കുന്ന രാസകീടനാശിനികൾ ഹിബ്ലിയയെ മാത്രമല്ല മറ്റെല്ലാ ജീവജാലങ്ങളേയും ദോഷകരമായി ബാധിക്കും. ഈ കാരണത്താലാണ് ഹിബ്ലിയയെ മാത്രം ആക്രമിക്കുന്ന എൻ.പി.വി ഒരു സുപ്രധാന കണ്ടെത്തലായത്.

## എൻ.പി.വി. എന്ന ജൈവകീടനാശിനി: പ്രവർത്തനവും സാധ്യതയും

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവകീടനാശിനിയായ എൻ.പി.വി.(ന്യൂക്ലിയോ പോളിഹെഡ്രോസിസ് വൈറസ്) ഒരു വൈറസാണ്. ഹിബ്ലിയയെ ആക്രമിക്കുന്ന എൻ.പി.വിയെ കണ്ടെത്തിയത് 1988ൽ നിലമ്പൂരിലാണ്. പ്രകൃതിയിൽ സ്വാഭാവികമായി കണ്ടുവരുന്ന ഈ വൈറസ് ചിലപ്പോഴൊക്കെ ഹിബ്ലിയ പുഴുക്കളിൽ വലിയ തോതിൽ രോഗബാധയുണ്ടു ക്കുന്നതായി കാണാറുണ്ട്.

ഇലകളിൽ തളിക്കുന്ന ഈ ജൈവകീടനാശിനി, പുഴുക്കൾ ഇല തിന്നുമ്പോൾ അവയുടെ ശരീരത്തിലെത്തുന്നു. അന്നനാള ഭിത്തിയിലെ കോശങ്ങൾക്ക കത്തേക്കാണ് എൻ.പി.വി ആദ്യം പ്രവേശിക്കുക. കോശഭിത്തിയും കോശത്തിനകത്തെ ന്യൂക്ലിയാർ ഭിത്തിയും ഭേദിച്ച് ന്യൂക്ലിയസിലെത്തുന്ന എൻ.പി.വി ആ കോശത്തിനകത്ത് പെരുകുന്നു. ഈ പ്രക്രിയ പൂർണ്ണമാകു ന്നതോടൊപ്പം കോശഭിത്തി തകരുകയും നിരവധിയായി പെരുകിയ എൻ.പി.വി ശരീരമാകെ പടർന്ന് മറ്റുകോശങ്ങളെ ആക്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരവധി കോശങ്ങൾ തകർന്നു തുടങ്ങുമ്പോൾ ഹിബ്ലിയ പുഴുക്കൾ ഇല തിന്നുന്നത് നിർത്തുകയും തുടർന്ന് മരിക്കുകയും ചെയ്യുന്നു. എൻ.പി.വി ശരീരത്തിനകത്തെത്തിയ ശേഷം 72 മുതൽ 96 മണിക്കൂറുകൾക്കു ശേഷമാണ് പുഴുക്കൾ മരിക്കുക. എൻ.പി.വി ബാധയാൽ മരിക്കുന്ന പുഴുക്കളുടെ ഒരു സവിശേഷത അതിന്റെ അതിലോലമായ ത്വക്കാണ്. മരണശേഷം വളരെ

പെട്ടെന്നു തന്നെ ഈ ത്വക്ക് ദ്രവിച്ച് പൊട്ടി ലക്ഷക്കണ ക്കിന് എൻ.പി.വി, പുഴുക്കളുടെ ശരീരത്തിൽ നിന്ന് ഇലകളിലേക്ക് വ്യാപിക്കുന്നു. ആദ്യ ഘട്ടത്തിൽ അതേ മരത്തിലെ ഏതെങ്കിലും പുഴുക്കൾ എൻ.പി.വി ബാധയേൽക്കാതെ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനരുത്പാദിപ്പിക്കപ്പെട്ട ഈ വൈറസിനാൽ രോഗബാധിതരാകും.

എൻ.പി.വി എന്ന ജൈവകീടനാശിനിയുടെ ഒരു പ്രധാനപ്പെട്ട മേന്മ അത് പ്രയോഗിക്കപ്പെട്ട ശേഷം പതിന്മടങ്ങായി വർദ്ധിക്കും എന്നതാണ്. അതേ സമയം മനുഷ്യനുൾപ്പെടെ വേറൊരു ജീവജാലത്തേയും അത് ബാധിക്കുന്നുമില്ല. ഏതൊരു കീടനാശിനിയെയും പോലെ വിവിധ തരം സ്പ്രെയറുകൾ ഉപയോഗിച്ച് എൻ.പി.വി പ്രയോഗിക്കാവുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ എൻ.പി.വി ബാധയേറ്റ ഹിബ്ലിയ പുഴു മരിക്കുന്നില്ലെങ്കിൽ ആ പുഴുവിന്റെ ശരീരത്തിൽ എൻ.പി.വി നിലനിൽക്കുകയും അടുത്ത തലമുറയിലേക്ക് പകർന്നെത്തി അതിനെ നശിപ്പിക്കുകയും ചെയ്യും. കീടനിയന്ത്രണത്തിന് വിദേശ രാജ്യങ്ങളിൽ എൻ.പി.വി ഉപയോഗിക്കാറുണ്ടെങ്കിലും ഇന്ത്യയിൽ ഇതാദ്യമായാണ് വനസംരക്ഷണത്തിനായി എൻ.പി.വി ഉപയോഗിക്കപ്പെടുന്നത്.

## ഹിബ്ലിയ പുഴുക്കളുടെ ആക്രമണം: പ്രാരംഭദശയിലെ കണ്ടെത്തൽ

നിലമ്പൂരിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പെയ്യുന്ന വേനൽ മഴയോടൊപ്പമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം തുടങ്ങുക. ആദ്യ ഘട്ടത്തിൽ അര ഹെക്ടർ മുതൽ ഒന്നര ഹെക്ടർ വലിപ്പത്തിൽ അഞ്ചോ ആറോ സ്ഥലങ്ങളിലായി കേടുണ്ടാകും. ഈ സ്ഥലങ്ങളിലെ ഓരോ തേക്കുമരങ്ങളിലും ആയിരക്കണക്കിനു പുഴുക്കളെ കാണാനാകും. വഴിക്കടവ് റേഞ്ചിലെ കരിയംമുരിയം, കരുളായി റേഞ്ചിലെ ശങ്കരൻകോട് എന്നീ തോട്ടങ്ങളിൽ ആദ്യഘട്ടത്തിൽ സാധാരണയായി കേട് കണ്ടുവരാറുണ്ട്. ആദ്യം കേടുവരുന്ന സ്ഥലങ്ങളിൽ നിന്ന് പുഴുവിന്റെ വിവിധദശകളും സമാധിദശയും കടന്ന് വിരിഞ്ഞിറങ്ങുന്ന ഹിബ്ലിയ ശലഭങ്ങൾ കൂട്ടമായി മറ്റുതോട്ടങ്ങളിലേക്ക് വ്യാപിക്കുകയും തേക്കിന്റെ തളിരിലകളിൽ മുട്ടയിടുകയും ചെയ്യുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടാവുന്ന ഈ കേടുകൾ ആദ്യഘട്ടത്തേക്കാൾ വിസ്തൃതമായിരിക്കും. ജൂൺ മാസത്തിൽ കാലവർഷത്തിന്റെ വരവോടെ തേക്കുതോട്ടങ്ങളിൽ ധാരാളം തളിരിലകളു ണ്ടാവുമ്പോൾ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നു. ജൂലൈ മാസത്തിലും മിക്കവാറും തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാണാനാകും. ആഗസ്റ്റ് മാസത്തിൽ ആക്രമണം വളരെക്കുറവായേ കണ്ടുവരാറുള്ളൂ. ചില വർഷങ്ങളിൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലും ആക്രമണം കാണപ്പെടാറുണ്ട്.

ഒരുമാസത്തിൽ താഴെ ആയുർദൈർഘ്യമുള്ള ഹിബ്ലിയയുടെ പുഴു ദശ പത്തുമുതൽ പന്ത്രണ്ടു ദിവസം വരെ മാത്രമാണ്. ഇതിനിടയിൽ തേക്കിലെ ഇലകൾ മുഴുവൻ തിന്നുതീർക്കുകയും ചെയ്യും. അതുകൊണ്ടു തന്നെ ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാന വെല്ലുവിളി പ്രാരംഭ ദശയിൽത്തന്നെ ആക്രമണം കണ്ടെത്തുക എന്നതാണ്. എൻ.പി.വി. എന്ന ജൈവ കീടനാശിനി ഉപയോഗിക്കുമ്പോൾ, തളിച്ചതിനുശേഷം മൂന്നു മുതൽ നാലു ദിവസത്തിനു ശേഷം മാത്രമാണ് പുഴുക്കൾ നശിക്കുക. മാത്രമല്ല ഹിബ്ലിയ പുഴുക്കളുടെ പ്രാരാംഭദശകളെ നിയന്ത്രിക്കുവാൻ എൻ.പി.വി വളരെ കുറഞ്ഞ അളവിലേ ഉപയോഗിക്കേണ്ടതായിട്ടുള്ളൂ.

## എൻ.പി.വിയുടെ ഉപയോഗ രീതികൾ

എൻ.പി.വി എന്ന വൈറസിനെ കെ.എഫ്.ആർ.ഐ വികസിപ്പിച്ചെടുത്തിട്ടുള്ളത് വെള്ളത്തിൽ ചേർത്ത് തളിക്കാവുന്ന പൊടിയായിട്ടാണ്. ഫ്രീസ് ഡ്രൈയിംഗ് എന്ന സാങ്കേതികവിദ്യയിലൂടെയാണ് വൈറസിന് കേട് വരാതെ അതിനെ കാർബണുമായി ചേർത്ത് പൊടിയാക്കി മാറ്റുന്നത്. ഈ രൂപത്തിൽ എൻ.പി.വി വളരെക്കാലം സൂക്ഷിച്ച് വെയ്ക്കാൻ കഴിയും. തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളെ കണ്ടുതുടങ്ങിയതിനുശേഷമാണ്. എൻ.പി.വി ഉപയോഗിക്കുക, മറിച്ച് കേടുവരുമെന്ന് കരുതുന്ന തോട്ടങ്ങളിൽ മുൻകൂറായി ഇത് ഉപയോഗിക്കാറില്ല.

എൻ.പി.വി ഉപയോഗിക്കുന്നതിനുള്ള ഏറ്റവും പ്രധാന ബുദ്ധിമുട്ട് മരങ്ങളുടെ ഉയരമാണ്. ഉയരം കുറഞ്ഞ മരങ്ങൾക്കും ഉയരം കൂടിയവയ്ക്കും വ്യത്യസ്തമായ സ്പ്രെയറുകളാണ് കെ.എഫ്.ആർ.ഐ ഉപയോഗിക്കുന്നത്. ആറടി വരെ ഉയരമുള്ള മരങ്ങളിൽ ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന അതി സൂക്ഷ്മ കണികകൾ നിർമ്മിക്കാൻ കഴിയുന്ന അൾട്രാ ലോ വോള്യം (Ultra Low Volume (ULV)) സ്പ്രെയറുകളും ആറടി മുതൽ നാല്പതടി വരെ ഉയരമുള്ള മരങ്ങളിൽ പെട്രോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പവർ സ്പ്രെയറുകളും നാല്പതടിക്ക് മുകളിൽ ഉയരമുള്ള മരങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഹൈ വോള്യം (High volume) സ്പ്രെയറുകളുമാണ് ഉപയോഗിക്കുക. ഈ മൂന്ന് തരം സ്പ്രെയറുകളും തമ്മിലുള്ള പ്രധാന വ്യത്യാസം അത് പുറപ്പെടുവിക്കുന്ന കണികകളുടെ വലിപ്പത്തിലുള്ള അന്തരമാണ്. ഹൈ വോള്യം സ്പ്രെയറുകൾ വളരെ വലുപ്പത്തിലുള്ള കണികകളാണ് പുറപ്പെടുവിക്കുക.

ഏത് സ്പ്രെയറാണ് ഉപയോഗിക്കുന്നതെന്നതനുസരിച്ചും, മരങ്ങളുടെ ഉയരം, ഇലച്ചാർത്തിന്റെ വലുപ്പം, പുഴുവിന്റെ പ്രായം എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയുമാണ് ഒരു ഹെക്ടറിലേക്ക് എത്ര എൻ.പി.വി ഉപയോഗിക്കണം എന്ന് തീരുമാനിക്കുക. വൈറസിന്റെ തോത് നിർണ്ണയിക്കുന്ന രീതി രണ്ടാം ഘട്ടമായി തോട്ടങ്ങളിൽ നടത്തപ്പെടുന്ന തുടർ പ്രവർത്തനത്തിന്റെ ഭാഗമായി പരിശീലിപ്പിക്കുന്നതാണ്.

## തോട്ടങ്ങളിൽ എൻ.പി.വി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. എൻ.പി.വി ഹിബ്ലിയ പുഴുക്കൾ ഒഴിച്ചുള്ള മനുഷ്യനടക്കം മറ്റൊരു ജീവജാലങ്ങൾക്കും ഹാനികരമല്ലാത്തതിനാൽ ഇത് ഉപയോഗിക്കുമ്പോൾ രാസകീടനാശിനികൾ തളിക്കുമ്പോൾ ചെയ്യുന്നതു പോലെയുള്ള സുരക്ഷാവസ്ത്രങ്ങളുടേയോ മുഖംമൂടികളുടേയോ ആവശ്യമില്ല. എൻ.പി.വി തളിച്ച തോട്ടങ്ങളിൽ നിന്ന് ജലമെടുക്കുന്നതോ കന്നുകാലികൾ മേയുന്നതോ തടസ്സപ്പെടുത്തേണ്ടതില്ല.

2. മഴയുള്ളപ്പോൾ കഴിയുന്നതും മരുന്നുതളി ഒഴിവാക്കേണ്ടതാണ്. എന്നാൽ ചാറ്റൽ മഴയത്ത് മരുന്നിനോടൊപ്പം പശിമയുള്ള പ്ലാന്റോവെറ്റ് മുതലായ വസ്തുക്കൾ ചേർത്ത് തളിക്കാവുന്നതാണ്.

3. ഓരോ പ്രാവശ്യം മരുന്ന് തളിക്കുന്നതിന് മുമ്പ് തോട്ടത്തിൽ കേടിന്റെ വ്യാപ്തി കൃത്യമായി നിർണ്ണയിക്കേണ്ടതുണ്ട്.

4. മരുന്ന് തളിച്ചതിന് ശേഷം സ്പ്രെയറുകൾ നന്നായി കഴുകി വൃത്തിയാക്കണം. അടുത്ത ഉപയോഗത്തിന് മുമ്പ് വേണ്ട അറ്റകുറ്റപ്പണികൾ നടത്താനുള്ള അറിവ് മരുന്ന് തളിക്കുന്നവർക്കുണ്ടാവണം.

5. മരുന്നു തളിച്ച തോട്ടങ്ങളിൽ മൂന്നാം ദിവസം നിരീക്ഷണ സന്ദർശനം നടത്തി മരുന്നു തളിച്ചതിന്റെ ഫലം വിലയിരുത്തേണ്ടതാണ്.